## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *233 — 09.03.2018-ൽ മറുപടിക്ക്

## സമൂഹ അടുക്കള പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം<br>,, എ.പി. അനിൽ കുമാർ<br>,, ഷാഫി പറമ്പിൽ<br>,, വി.ഡി.സതീശൻ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അട്ടപ്പാടിയിൽ ശിശുമരണങ്ങൾ തടയുവാൻ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയ സമൂഹ അടുക്കള പദ്ധതിയുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ടോ; | എ) | അട്ടപ്പാടിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സമൂഹ അടുക്കള. സമൂഹ അടുക്കളയ്ക്ക് ആവശ്യമായ ഫണ്ട് പട്ടിക വർഗ്ഗ വികസന വകുപ്പും സാമൂഹ്യ നീതി വകുപ്പും സംയുക്തമായാണ് നൽകുന്നത്. ടി പദ്ധതി 2013 സെപ്റ്റംബർ 7-ാം തീയതി മുതൽ അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്ടിന് കീഴിൽ അങ്കണവാടികളിലായി ആരംഭിച്ചു. ഐ.സി.ഡി.എസ് ഗുണഭോക്താക്കൾക്ക് പുറമെ ഭിന്നശേഷിയുള്ളവർക്കും കിടപ്പിലായവർക്കും വൃദ്ധർക്കുമായി ഈ പദ്ധതി വിപുലീകരിച്ചു. സമൂഹ അടുക്കളയുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി, പദ്ധതിയുടെ പൂർണ്ണ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിച്ച് ഉത്തരവായിരുന്നു. 2014-15 വർഷം മുതൽ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 53 എണ്ണമാണ് പ്രവർത്തിച്ചിരുന്നത്. ഈ സർക്കാർ ഈ പദ്ധതി 189 ഊരുകളിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. ഇപ്പോൾ അട്ടപ്പാടിയിലെ 193 കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗർഭിണികൾ, മുലയൂട്ടുന്ന |

<table>
<tr><td></td><td></td><td></td><td>അമ്മമാർ, കിടപ്പുരോഗികൾ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, കൗമാരപ്രായക്കാർ, വയോജനങ്ങൾ, വിധവകൾ, ആറ് വയസ്സ് വരെയുള്ള കുട്ടികൾ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയുടെ ഗുണഭോക്താക്കൾ.</td></tr>
<tr><td>ബി)</td><td>അട്ടപ്പാടിയിൽ എത്ര ഊരുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്;</td><td>ബി)</td><td>അട്ടപ്പാടിയിലെ പുതൂർ, അഗളി, ഷോളയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ 192 ഊരുകളിൽ 189 ഊരുകളിലാണ് കമ്മ്യൂണിറ്റി കിച്ചൻ പരിപാടി നടപ്പിലാക്കി വരുന്നത്.<br>
<table>
<tr><th>ക്രമ നം.</th><th>ഗ്രാമ പഞ്ചായത്ത്</th><th>ആകെ ഊരുകളുടെ എണ്ണം</th><th>കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കുന്ന ഊരുകളുടെ എണ്ണം</th><th>കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കുന്ന സെന്ററുകളുടെ എണ്ണം</th></tr>
<tr><td>1</td><td>അഗളി</td><td>74</td><td>73</td><td>74</td></tr>
<tr><td>2</td><td>ഷോളയൂർ</td><td>52</td><td>51</td><td>52</td></tr>
<tr><td>3</td><td>പുതൂർ</td><td>47</td><td>46</td><td>48</td></tr>
<tr><td>4</td><td>കുറുംബ ഊരുകൾ</td><td>19</td><td>19</td><td>19</td></tr>
<tr><td colspan="2">ആകെ</td><td>192</td><td>189</td><td>193</td></tr>
</table></td></tr>
<tr><td>സി)</td><td>ഇതിലേക്കുള്ള ഭക്ഷ്യസാധനങ്ങൾ വാങ്ങി നൽകേണ്ടത് ആരുടെ ചുമതലയാണ്; കൃത്യമായ രീതിയിൽ ഇത് വാങ്ങി നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്നറിയിക്കാമോ;</td><td>സി)</td><td>ഊരുസമിതിയുടെ നേതൃത്വത്തിൽ ആണ് സമൂഹ അടുക്കളകൾ പ്രവർത്തിക്കുന്നത്. ഊരു സമിതിയുടെ കീഴിലുള്ള കുടുംബശ്രീകൾ ഓരോരുത്തരും ഓരോ മാസവും മാറി മാറി നടത്തിപ്പ് ചുമതല വഹിക്കുന്നു. അയൽക്കൂട്ടങ്ങൾ സിവിൽ സപ്ലൈസ് - മാവേലി സ്റ്റോറുകളിൽ നിന്നും പലവ്യഞ്ജന സാധനങ്ങൾ വാങ്ങിക്കുന്നു. പച്ചക്കറികളും, വിറകും അയൽക്കൂട്ടങ്ങൾ തന്നെ വാങ്ങുന്നു. അയൽക്കൂട്ടങ്ങൾ തന്നെ ഭക്ഷണം പാകം ചെയ്ത് വിതരണവും ചെയ്യുന്നു. ഭക്ഷണത്തിന്റെ മെനു തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും അയൽക്കൂട്ടങ്ങൾ തന്നെയാണ്. കമ്മ്യൂണിറ്റി കിച്ചണുകളുടെ വിലയിരുത്തലിന്റെ ചുമതല അതത് ഊരുസമിതി (എ.ഡി.എസ്)കൾക്കാണ്. പച്ചക്കറികൾ ലഭ്യമാകുന്ന സമയത്ത് അയൽക്കൂട്ടങ്ങൾ നേരിട്ട് കണ്ടെത്തുകയും</td></tr>
</table>

| | | | |
|---|---|---|---|
| | | | അല്ലാത്ത സമയങ്ങളിൽ പൊതു കടകളിൽ നിന്നും ഊരുകളിലെ കുടുംബശ്രീ ആനിമേറ്റർ, ഊരുസമിതി (സ്പെഷ്യൽ എ.ഡി.എസ്) അംഗങ്ങൾ, അയൽക്കൂട്ടത്തിലെ ഭക്ഷണം പാകം ചെയ്യുന്ന അംഗങ്ങൾ എന്നിവർ വാങ്ങുകയുമാണ് ചെയ്യുന്നത്. ഇതിനാവശ്യമായ അരിയും ചെറു ധാന്യങ്ങളും കറിക്കൂട്ടുകളും അയൽക്കൂട്ടം സപ്ലൈകോയിൽ നിന്നും ഇന്റെൻഡ് നൽകി വാങ്ങുന്നു. ഭക്ഷ്യ ധാന്യങ്ങൾ കൃത്യമായ രീതിയിൽ വാങ്ങുന്നുണ്ട്. |
| ഡി) | അട്ടപ്പാടിയിൽ പല പദ്ധതികളിലായി കോടിക്കണക്കിന് രൂപ മുടക്കിയിട്ടും പട്ടിണിയും ദാരിദ്ര്യവും യാതൊരു മാറ്റവുമില്ലാതെ തുടരുന്ന സാഹചര്യം എന്തുകൊണ്ടാണ് ഉണ്ടായതെന്നതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | അട്ടപ്പാടിയിൽ പട്ടിണിയും ദാരിദ്ര്യവും മാറ്റമില്ലാതെ തുടരുന്നു എന്നത് വസ്തുത അല്ല. പട്ടിക വർഗ്ഗ വികസന വകുപ്പ്, പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ വിദ്യാഭ്യാസം, ആരോഗ്യം, ജീവനോപാധി പ്രവർത്തനങ്ങൾ, ഭവനം, ഭക്ഷണ സഹായ പദ്ധതി, അടിസ്ഥാന സൗകര്യ വികസനം മുതലായ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ ഗണ്യമായ രീതിയിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**